**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3378** | **08-10-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ പ്രചാരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം മേഖലയിലെ പ്രചരണ പ്രവർത്തനങ്ങൾ, മാർക്കറ്റിംഗ്, ബ്രാൻഡിംഗ്, ക്യാമ്പയിനുകൾ എന്നിവ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കാൻ എപ്രകാരം സഹായകരമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ആഗോളടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് ആയി ശ്രദ്ധിക്കപ്പെടാനും വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ പ്രചരണത്തിനായി വിനോദ സഞ്ചാരവകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് "എന്റെ കേരളം എന്നും സുന്ദരം". എല്ലാവരും അവരവർക്ക് പ്രിയപ്പെട്ട സ്ഥലങ്ങളുടെ ഫോട്ടോകളും വീഡിയോകളും പോസ്റ്റ് ചെയ്യുകയും അതിൽനിന്ന് തെരഞ്ഞെടുക്കുന്നവ കേരള ടൂറിസത്തിന്റെ മ്യൂസിക് വീഡിയോയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ് ടി ക്യാമ്പയിൻ.<br><br>കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരെ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഓൺലൈൻ പ്ലാറ്റഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളും വഴി അവതരിപ്പിക്കുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ആക്ടിവിറ്റി എന്ന ഈ പദ്ധതിയിലൂടെ കേരളത്തിലേക്ക് യാത്ര ചെയ്യാൻ താൽപ്പര്യമുള്ള സഞ്ചാരികളിലേക്ക് നേരിട്ട് എത്തുവാനും കേരള ടൂറിസം എന്ന ബ്രാൻഡ് അവബോധം വർദ്ധിപ്പിക്കുവാനും കഴിയുമെന്ന് വകുപ്പ് കരുതുന്നു. |

ഇതോടൊപ്പം മിഡിൽ ഈസ്റ്റിൽ നിന്നും യൂറോപ്പിൽ നിന്നും കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ വിനോദസഞ്ചാര വകുപ്പ് പ്രചാരണം നടത്തിയ Middle East Campaign 2024, International UKOOH Campaign, International Europe Campaign 2023, Destination Wedding Campaign, What's App Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇൻ്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.

നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ വകുപ്പ് പുതുതായി ആവിഷ്കരിച്ച കാരവൻ ടൂറിസത്തിന് കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ച് വിദേശ സഞ്ചാരികളെ കൂടുതലായി കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകം തയ്യാറാക്കിയ കാരവനുകളിൽ യാത്ര ചെയ്യുവാനും സുരക്ഷിതമായ കാരവൻ പാർക്കുകളിൽ താമസിക്കാനും സൗകര്യമൊരുക്കുന്ന ടി പദ്ധതിയ്ക്ക് വേണ്ടത്ര പ്രചരണം നൽകുന്നതിനായി Keravan Kerala - Caravan Tourism Promotion എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

സാഹസിക വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ വിവിധ സാഹസിക വിനോദസഞ്ചാര മത്സരങ്ങൾ വകുപ്പ് നടത്തുകയുണ്ടായി.

ആഭ്യന്തര വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങിയ വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും, Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു. ഈ പ്രചരണങ്ങളുടെ

| | | | |
|---|---|---|---|
| | | | കൂടി ഭാഗമായി കോവിഡിന് ശേഷം സംസ്ഥാനത്ത് സഞ്ചാരികളുടെ എണ്ണം റെക്കോർഡിൽ എത്തി. ടൂറിസം മേഖലയിലെ വരുമാനവും റെക്കോർഡ് ഭേദിച്ചു. |
| (ബി) | വിദേശി ടൂറിസ്റ്റുകളുടെ വരവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വർദ്ധനവും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലും തൊഴിൽ അവസരങ്ങളിലും ഉണ്ടാക്കിയ മാറ്റങ്ങൾ വിശകലനം ചെയ്യാമോ; | (ബി) | വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് കേരള ടൂറിസം വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ സഹായിച്ചു. 2024 ൽ 2,29,85,363 സഞ്ചാരികൾ കേരളം സന്ദർശിച്ചു. 2024 ൽ 45,053.61 കോടി രൂപയാണ് ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം. പുതിയ ടൂറിസം സംരഭങ്ങളുടെ വരവ് തൊഴിലവസരവും വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ പ്രദേശിക തൊഴിൽ അവസരങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | കേരള ടൂറിസം വകുപ്പിന്റെ പുതിയ പദ്ധതികളായ ആർ. ടി. മിഷൻ, അഡ്വഞ്ചർ ടൂറിസം, കലാ മേളകൾ എന്നിവ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലും സാംസ്കാരിക ഇടങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചു എന്ന് വിശദമാക്കാമോ; | (സി) | കേരള ടൂറിസം വകുപ്പ് ഗ്രാമീണ കലാമേളകൾ സംഘടിപ്പിക്കുന്നതിലൂടെ കേരളത്തിലെ തനത് കലകളേയും കായികവിനോദങ്ങളേയും പ്രോത്സാഹിപ്പിക്കുകയും അതിലൂടെ ദേശീയ അന്തർദ്ദേശീയ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. കേരള ടൂറിസം, കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി വഴി നടത്തപ്പെടുന്ന സർഫിംഗ് ഫെസ്റ്റിവൽ, പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ, മൗണ്ടൻ സൈക്ലിംഗ് തുടങ്ങിയവയും നല്ല നിലയിൽ ദേശീയ അന്തർദ്ദേശീയ വിനോദസഞ്ചാരികളെ ആകർഷിക്കുന്നവയാണ്. കൂടാതെ റെസ്പോൺസിബിൾ ടൂറിസം വഴി നടപ്പിലാക്കുന്ന ഗ്രാമീണ പദ്ധതികൾ, പ്രദർശന വിപണന മേളകൾ എന്നിവ ഗ്രാമീണ വരുമാന മാർഗ്ഗത്തിലുപരി ദേശീയ അന്തർദ്ദേശീയ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വലിയ സംഭാവനകൾ നൽകുന്നുണ്ട്.<br><br>കേരളത്തിന്റെ കല-സംസ്കാരം തുടങ്ങിയവ സഞ്ചാരികൾക്ക് പകർന്ന് നൽകുവാൻ സാധിക്കുന്നുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിലും കൂടുതൽ വരുമാനം ഉറപ്പാക്കുവാൻ ഈ പദ്ധതികളിലൂടെ സാധിക്കുന്നു. പുറം ലോകം അറിയാതിരുന്ന ടൂറിസം കേന്ദ്രങ്ങളാണ് ഇത്തരം പദ്ധതികളിലൂടെ ലോകത്തിന് പരിചയപ്പെടുത്തിയത്. |
| (ഡി) | ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ ടൂറിസം നേരിടേണ്ടി വരുന്ന വെല്ലുവിളികളും അവയെ മറികടക്കാൻ സ്വീകരിക്കുന്ന നടപടികളും വിശദമാക്കാമോ? | (ഡി) | കേരളം പ്രകൃതിദൃശ്യസൗന്ദര്യത്താൽ, സാംസ്കാരിക പൈതൃകത്താൽ, ആരോഗ്യ-ആയുർവേദ ടൂറിസം സാധ്യതകളാൽ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാന ടൂറിസം മേഖല വളർന്ന് വരുന്നത്. ഇതോടൊപ്പം, ഭാവിയിൽ സംസ്ഥാനത്തിന്റെ ടൂറിസം മേഖല നേരിടാനിടയുള്ള ചില പ്രധാന വെല്ലുവിളികളും |

| | | | |
|---|---|---|---|
| | | | ഉണ്ട്. അവയെ മറികടക്കുന്നതിന് ഡിസൈൻ പോളിസി ഉൾപ്പെടെയുള്ള നയരേഖകൾ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണ മേഖലയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയാണ്. ക്യാരിയിങ്ങ് കപ്പാസിറ്റി പഠനം നടത്തി ഓവർ ടൂറിസത്തിന്റെ പ്രത്യാഘാതങ്ങളെ മറികടക്കുവാൻ ശ്രമിക്കുന്നുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ച് കേരളമാകെ ടൂറിസം വ്യാപകമാക്കുവാനും ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ